# ലിങ്കനും കർഷകനും

● വേണു വാരിയത്ത്

ഒരിക്കൽ എബ്രഹാം ലിങ്കൺ ഒരു കർഷകനെ കാണാൻ അയാളുടെ വീട്ടിൽ ചെന്നു. അപ്പോഴാണ് കർഷകന്റെ ഏറ്റവും പ്രിയപ്പെട്ട കുതിര രോഗം ബാധിച്ച് കിടക്കുന്നതു ലിങ്കൺ കണ്ടത്.

"ചങ്ങാതീ, ഈ കുതിരക്ക് എന്തു പറ്റി?" ലിങ്കൺ ചോദിച്ചു.

"അവനു പ്രായം കുറേയായില്ലേ. ശരിക്ക് എഴുന്നേറ്റു നിൽക്കാൻ പോലും വയ്യ. എങ്കിലും അവനെ ഉപേക്ഷിക്കാൻ വയ്യ. കാരണം എന്നെ കുറെ സഹായിച്ച കുതിരയാണ്. ഇപ്പോളും അവനു



▸▸ മുല്ലപ്പെരിയാർ ഡാമിന്റെ ശിൽപി – ജോൺ പെന്നി കുക്ക്

ഞാൻ നല്ല മുതിരയും പുല്ലും തന്നെ കൊടുക്കും'' 'കർഷകൻ പറഞ്ഞു.

കർഷകൻ പറഞ്ഞത് ശരിയായിരുന്നു. നല്ല കഷ്ട പ്പാടുള്ളപ്പോളാണ് അയാൾ ആ കുതിരയെ വാങ്ങിയത്. അന്ന് അവനൊരു കുട്ടിക്കുതിരയായിരുന്നു. പിന്നെ വയലിലെ ജോലികൾക്കും നഗരത്തിൽ പോകാനും ഒക്കെ അവൻ കർഷകന് വലിയ സഹായമായി.

ലിങ്കൺ കുറേ നേരം കുതിരയെത്തന്നെ നോക്കിനിന്നു. അപ്പോളാണ് വലിയൊരു ഈച്ച ഇടക്കിടെ വന്നു കുതിരയെ കുത്തി നോവിക്കുന്നത് ശ്രദ്ധയിൽ പെട്ടത്. ഈച്ച കുത്തുമ്പോൾ കുതിര കാലനക്കും. വാലുകൊണ്ട് അതിനെ ആട്ടിയോടിക്കും. പിന്നെയും പിന്നെയും ഇതുതന്നെ കണ്ടപ്പോൾ ലിങ്കണ് വിഷമം തോന്നി. കർഷകനും ഇതെല്ലാം കാണുന്നുണ്ടായിരുന്നു. പക്ഷേ കർഷകൻ അത് കണ്ടതായി ഭാവിച്ചില്ല. ഒടുവിൽ ലിങ്കണ് ക്ഷമ കെട്ടു.

''ചങ്ങാതീ, വയ്യാതെ കിടക്കുന്ന കുതിരയെ ആ ഈച്ച ശല്യപ്പെടുത്തുന്നത് കാണുന്നില്ലേ? താങ്കളെന്താണ് അതിനെ ഓടിച്ചു വിടാത്തത്? ആ പാവം കുതിര കിടന്നു കഷ്ടപ്പെടുകയാ. താങ്കൾക്ക് അതിനോട് സ്നേഹമില്ലേ...'' ലിങ്കൺ ചോദിച്ചു.

അതുകേട്ട് കർഷകൻ ചിരിച്ചു.

''ചങ്ങാതീ, സ്നേഹമുള്ളതുകൊണ്ടാണ് അതിനെ ഓടിച്ച് വിടാത്തത്. ആ ഈച്ചയാണ് ഇവന്റെ ജീവൻ നിലനിർത്തുന്നത്!''

''എന്ത്?'' ലിങ്കണ് അത്ഭുതമായി.

''അതെ, വയ്യാതായ അവന്റെ ശരീരഭാഗങ്ങൾ ഇടക്കിടക്ക് അനങ്ങിയില്ലെങ്കിൽ ദേഹത്തെ രക്തയോട്ടം നിലക്കും. അത് ചത്തുപോകുകയും ചെയ്യും. ആ ഈച്ചയില്ലെങ്കിൽ അവൻ പണ്ടേ അനങ്ങാതായേനേ. അതാണ് അവനെ ജീവിപ്പിക്കുന്നത് ആ ഈച്ചയാണെന്നു ഞാൻ പറഞ്ഞത്.'' കർഷകൻ പറഞ്ഞു. അത് ശരിയാണെന്നു ലിങ്കണും തോന്നി.

ഇതുപോലെത്തന്നെയാണ് അലസന്മാരുടെ കാര്യവും. ആരോഗ്യമുണ്ടെങ്കിലും അവർക്ക് ഒന്നും ചെയ്യാൻ താൽപര്യമുണ്ടാവില്ല. അവരെ എങ്ങനെയാണ് ഉത്സാഹമുള്ളവരാക്കുന്നത്? അധ്യാപകരും രക്ഷാകർത്താക്കളുമാണ് ഇത്തരം മടിയൻ കുതിരകളെ ഈച്ചകളെപ്പോലെ നിന്ന് ഉത്സാഹികളാക്കുന്നത്. മിടുക്കന്മാർ അത് തിരിച്ചറിയും. മടിയന്മാരാകട്ടെ അത് കുറ്റപ്പെടുത്തലായി കാണുകയും ചെയ്യും!

•



## കേരളത്തിലെ ആദ്യ മൊബൈൽ കോൾ

കേരളത്തിലെ ആദ്യത്തെ മൊബൈൽ ഫോൺ കോൾ ചെയ്തത് സാഹിത്യകാരനായ തകഴി ശിവശങ്കരപ്പിള്ളയാണ്. 1996 സെപ്തംബർ –17 നായിരുന്നു അതിന്റെ ഉദ്ഘാടനം. എറണാകുളം ഹോട്ടൽ അവന്യൂ റീജന്റിൽ നടന്ന ഉദ്ഘാടനത്തിൽ തകഴിയും അന്നത്തെ ദക്ഷിണ മേഖല കമാന്റ് എ.ആർ ടണ്ഠനുമായി സംസാരിച്ചായിരുന്നു ഉദ്ഘാടനം.

▸▸ ഏഷ്യയിലെ ആദ്യ ആർച്ച് ഡാം– ഇടുക്കി ഡാം